(എച്ച്) പണി ആരംഭിച്ചു കഴിഞ്ഞു ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്.

തിരുവമ്പാടി മങ്ങാംകടവ് റോഡിന്റെ പണി

87(522) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, കാരശ്ശേരി പഞ്ചായത്തിലെ തിരുവമ്പാടി-മങ്ങാംകടവ് റോഡിന്റെ പണി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട്, കാരശ്ശേരി പഞ്ചായത്തിലെ തിരുവമ്പാടി-മങ്ങാംകടവ് റോഡ് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്.

ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് സിറ്റ്സർവന്റുമായി പദ്ധതി

88(523) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ ഉൽപാദനത്തിനും വിപണനത്തിനുമായി സിറ്റ്സർവന്റ് ഗവൺമെന്റിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണ സാമഗ്രികളുടെ ഉൽപാദനത്തിനായുള്ള പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്ന് പ്രവർത്തനോൻമുഖമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായുള്ള സാങ്കേതിക സഹായം നൽകുന്നതിന് തീരുമാനമായിട്ടുണ്ടോ. എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വീട് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ നിർമ്മാണത്തിനും വിപണനത്തിനുമായുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന് നിർമ്മിതി കേന്ദ്രവുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുള്ള സാമ്പത്തിക സഹായം എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ചെലവു കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുക, ഇവ നിർമ്മിക്കുന്നതിനുള്ള പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക, വിപണനം വ്യാപിപ്പിക്കുക, ഇത്തരം വിദ്യകളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യക്ക് കേരളത്തിലെ ജനങ്ങളിൽ വഭിച്ചിട്ടുള്ള അംഗീകാരം പഠനവിധേയമാക്കുക എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ മാതൃകകൾ പരീക്ഷണ വിധേയമാക്കും. കൂടാതെ ഹൗസിംഗ് ഗൈഡൻസ് സെന്ററുകൾ തുറക്കുക, കെട്ടിട നിർമ്മാണ സാമഗ്രികൾ ടെസ്റ്റ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക, എൻജിനീയർമാർ, ആർക്കിടെക്റ്റുകൾ, കെട്ടിടനിർമ്മാണ രംഗത്തെ വിദഗ്ദ്ധർ എന്നിവർക്ക് പരിശീലനം നൽകുക, നിർമ്മിതി വികസിപ്പിച്ചെടുത്ത കെട്ടിട നിർമ്മാണ രംഗത്തെ സാങ്കേതിക വിദ്യകൾ സാധാരണക്കാരിലെത്തിക്കുക എന്നിവ മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പരീക്ഷണ വിധേയമാക്കുന്നതാണ്. ഇവ വിജയകരമാണെന്ന് ബോധ്യപ്പെടാൻ സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളിലേയ്ക്ക് പദ്ധതിയുടെ രണ്ടാം ഘട്ടം വ്യാപിപ്പിക്കും.

(സി) 2000 ജൂലായ് ആദ്യം ആരംഭിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരീക്ഷണ വിധേയമാക്കുന്ന റോഡുകൾ വിജയകരമാണെന്ന് തെളിഞ്ഞാൽ രണ്ടാം ഘട്ടത്തിൽ മറ്റു പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കും.

(ഡി) ഉണ്ട്. ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായ വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം പഞ്ചായത്തു തലത്തിൽതന്നെ വീടുനിർമ്മിക്കാനുദ്ദേശിക്കുന്നവർക്ക് എത്തിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) സിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ മേൽപ്പറഞ്ഞ പദ്ധതി ജൂലൈ ഒന്നു മുതൽ ആരംഭിക്കുന്നതിന് ഈ ഏജൻസി അധികൃതരുമായി നടത്തിയ ചർച്ചകൾ തീരുമാനമാക്കിയിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly